ഈ കമ്മിറ്റികൾ 60 ദിവസം കൂടുമ്പോൾ യോഗം ചേരുകയും നിയമത്തിന്റെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുന്നു. ജില്ലാതല കമ്മിറ്റികൾക്ക് പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്കാനിംഗ് സെന്ററുകളിൽ പരിശോധന നടത്താം. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുവാൻ ഈ കമ്മിറ്റികൾക്ക് അധികാരമുണ്ട്.

(എഫ്) ഓരോ ജില്ലയിലും അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ചുമതലക്കാരായി ജില്ലാതല അപ്രോപ്രിയേറ്റ് അതോറിറ്റി നിയമിച്ചിട്ടുണ്ട്. ഈ അതോറിറ്റിയുടെ പരിശോധനയ്ക്ക് ശേഷം മാത്രമേ ജനിറ്റിക് കൗൺസിലിംഗ് സെന്റർ, ജനിറ്റിക് ലാബ്, ജനിറ്റിക് ക്ലിനിക്ക് തുടങ്ങിയവ പ്രവർത്തിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിയമവിരുദ്ധമായ ലിംഗനിർണ്ണയം, ഭ്രൂണഹത്യ തുടങ്ങിയവ ചെയ്യുന്നതും ഇത് സംബന്ധിച്ച പരസ്യം ചെയ്യുന്നതുമായ സ്ഥാപനങ്ങൾ നടത്തുന്നവർക്കെതിരെ അംഗീകാരം പിൻവലിക്കുന്നതുൾപ്പെടെ കർശനമായ നിയമനടപടികൾ സ്വീകരിക്കുവാൻ ഈ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആന്റി റാബീസ് വാക്സിൻ ലഭ്യമാക്കാൻ

157 [135] *ശ്രീ. വി. കെ. ചന്ദ്രൻ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. സി. മമ്മത്കോയ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആന്റി റാബീസ് വാക്സിൻ ലഭ്യമല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്താമോ;

(സി) ആന്റി റാബീസ് വാക്സിൻ വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഈ വർഷം അനുവദിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ആന്റി റാബീസ് വാക്സിൻ വാങ്ങുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്;

(ഇ) ഏതെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസർമാർ അനുവദിച്ച തുക ചെലവാക്കാത്ത സ്ഥിതിയുണ്ടോ; എങ്കിൽ ഏത് ജില്ല എന്നും അനുവദിച്ച തുക ചെലവാക്കാത്തതിന്റെ പേരിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില ആശുപത്രികളിൽ ആന്റി റാബീസ് വാക്സിൻ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പേ വിഷബാധയ്ക്കെതിരായ വാക്സിന്റെ ക്ഷാമം പരിഹരിക്കുന്നതിന് ലോക്കൽ പർച്ചേസ് മുഖേനയോ ആശുപത്രി വികസന സമിതി ഫണ്ട് മുഖേനയോ ടി വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2005-2006 വർഷത്തേക്കാവശ്യമായ പേ വിഷ വാക്സിൻ ആവശ്യകതാ പട്ടികയുടെ അടിസ്ഥാനത്തിൽ സി. പി. സി. റേറ്റ് കോൺട്രാക്ടിൽ നിന്നും വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) ആന്റി റാബീസ് വാക്സിൻ വാങ്ങുന്നതിന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർക്ക് പത്തു ലക്ഷം രൂപയും ബാക്കി പതിമൂന്ന് ജില്ലയിലോരോന്നിലും മൂന്നു ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(ഡി) ആന്റി റാബീസ് വാക്സിൻ കുറവ് പരിഹരിക്കുന്നതിലേക്കായി ലോക്കൽ പർച്ചേസ് മുഖേനയോ ആശുപത്രി വികസന സമിതി ഫണ്ടുപയോഗിച്ചോ പ്രസ്തുത വാക്സിൻ വാങ്ങുന്നതിലേക്കായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് അനുവദിച്ച തുക ആന്റി റാബീസ് വാക്സിന്റെ ആവശ്യകത അനുസരിച്ച് ചെലവഴിച്ചുവരുന്നുണ്ട്.

ആശുപത്രികളിലെ മിനിമം സൗകര്യങ്ങൾ

158 [136] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജില്ലാതല, താലൂക്കതല ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങൾ എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് വെളിപ്പെടുത്താമോ;

(ബി) ഇതനുസരിച്ച് സൗകര്യമില്ലാത്ത എത്ര ആശുപത്രികൾ കേരളത്തിൽ ഉണ്ട്; അത്തരം ആശുപത്രികളിൽ ഈ മിനിമം സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly